പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.828 — 30.01.2019 -ൽ മറുപടിയ്ക്ക്

## കാട്ടുതീ മൂലമുള്ള വനനശീകരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അടൂർ പ്രകാശ് : | അഡ്വ.കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) വനനശീകരണത്തിനുള്ള ഒരു പ്രധാനകാരണം കാട്ടുതീ ആണെന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാട്ടുതീ കാരണം വനത്തിനു നാശമുണ്ടാകുന്നുണ്ടെങ്കിലും അത് വനം നശിക്കുന്നതിനുള്ള പ്രധാന കാരണമല്ല. |
| (ബി) കഴിഞ്ഞ വർഷം കാട്ടുതീ മൂലം എത്ര ഹെക്ടർ വനമാണ് കത്തിനശിച്ചതെന്ന് അറിയിക്കാമോ; | (ബി) കഴിഞ്ഞ വർഷം 1278.95 ഹെക്ടർ വനത്തിലാണ് കാട്ടുതീ ഉണ്ടായിട്ടുള്ളത്. കാട്ടുതീ ഉണ്ടായ വനങ്ങൾ കത്തി നശിച്ചു എന്ന് പറയുവാൻ കഴിയുകയില്ല. |
| (സി) കാട്ടുതീയുടെ നിയന്ത്രണത്തിനായി അരിപ്പ ഫയർ ട്രെയിനിംഗ് സെന്റർ പുനരുജ്ജീവിപ്പിച്ചിട്ടുണ്ടോ; പ്രസ്തുത സെന്ററിൽ ആവശ്യമായ ഉദ്യോഗസ്ഥരെ ഇക്കാര്യത്തിനായി നിയോഗിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) കാട്ടുതീയുടെ നിയന്ത്രണത്തിനായി അരിപ്പ ഫയർ ട്രെയിനിംഗ് സെന്റർ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത സെന്ററിൽ ഇക്കാര്യത്തിനായി പുതിയ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടില്ല. |

| | |
|---|---|
| (ബി) വനം വകുപ്പിലെ ജീവനക്കാർക്ക് കാട്ടുതീ നേരിടുവാൻ എന്തൊക്കെ പരിശീലനമാണ് നിലവിൽ നൽകുന്നത്; | (ബി) ഫയർ & റെസ്ക്യൂ വകുപ്പിന്റെ സഹായത്തോടെ വിവിധ ഡിവിഷനുകളിലെ ജീവനക്കാർക്ക് പ്രത്യേക ട്രെയിനിംഗുകൾ നൽകിയിട്ടുണ്ട്. പല ഡിവിഷനുകളിലും ഫയർ ഗ്യാംഗുകളിലെ ജീവനക്കാർക്കും വനസംരക്ഷണ സമിതി / ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾക്കും സമാനമായ പരിശീലനം നൽകിയിട്ടുണ്ട്. കാട്ടുതീ നിയന്ത്രിക്കുന്നതിന് വനപാലകർക്ക് വിദഗ്ധ പരിശീലനം നൽകുന്നതിനോടൊപ്പം കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാവുകയാണെങ്കിൽ അത് ഉപഗ്രഹത്തിന്റെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തവിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ ഒരുക്കിയിട്ടുള്ള ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഇതിലേയ്ക്കായി സംസ്ഥാനത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡൻമാരും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും ഫോറസ്റ്റ് സ്റ്റേഷന്റെ ചാർജ്ജുള്ള ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും, സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരും ഇതിൽ പേര് രജിസ്റ്റർ ചെയ്ത് പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തി വരുന്നു. കാട്ടുതീ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ജാഗ്രത പുലർത്തുന്നതിനായി ഫയർ വാണിംഗ് സംവിധാനവും ഉപയോഗിക്കുന്നുണ്ട്. |

അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാന തലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമെ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചു വരുന്നു.

(ഇ) അതിനായുള്ള ഉപകരണങ്ങൾ (ഇ) ലഭ്യമാക്കിയിട്ടുണ്ടോ എന്നും ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നും വിശദമാക്കാമോ?

വാച്ചർമാർക്കും, സ്റ്റാഫിനും ഷൂ, ഫയർ ബീറ്റർ, സ്പ്രേയർ, വാട്ടർബോട്ടിൽ, വാട്ടർ ക്യാൻ, ഫയർ റെയ്ക്ക് എന്നിവ നൽകുന്നുണ്ട്. കൂടാതെ ഫയർഫൈറ്റിംഗ് ഉപകരണങ്ങളായ ഹോണ്ടാ ഒലിയോ മാക് പമ്പ് സെറ്റ്, ഫോഴ്സ് ഗൺ വിത്ത് ഹോസ് എന്നിവയും നൽകുന്നുണ്ട്. കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗി ക്കുന്ന ഉപകരണങ്ങളായ battery operated sprayers, High tech 16 Ltr. Manual Sprayers, force gun, Oleo mac Sprayer with 708 petrol engine, Honda made 5 HP engine coupled high pressure sprayer, pump set എന്നിവയും അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്കായി വനം വകുപ്പ് ഉപയോഗിക്കുന്നുണ്ട്.

(signature)

സെക്ഷൻ ഓഫീസർ